ഉത്തരം

(എ) നിലവിലുള്ള ദാരിദ്ര്യ രേഖാലിസ്റ്റിൽ (ബി. പി. എൽ. ലിസ്റ്റിൽ) അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമ വികസന വകുപ്പ് എ. പി. എൽ. കുടുംബങ്ങളുടെ ലിസ്റ്റ് പ്രത്യേകമായി തയ്യാറാക്കുന്നില്ല.

(ബി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക നുസൃതമായി 2003- മേയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് പുതിയ ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തിയിരുന്നു. സെൻസസ്സിലൂടെ ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. എന്നാൽ ദാരിദ്ര്യരേഖാ സെൻസസ്സ് ലിസ്റ്റിന് അന്തിമരൂപം നൽകരു തെന്ന സുപ്രീംകോടതി നിർദ്ദേശമുള്ളതിനാൽ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് സുപ്രീംകോടതി അനുമതി നൽകുന്ന മുറയ്ക്ക് കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾപ്രകാരം അർഹരായവരെ ഉൾപ്പെടുത്തി പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

(സി) നിലവിലുള്ള (9-ാം പദ്ധതിക്കായുള്ള) ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് കുടുംബത്തിന്റെ ചെലവിനെ അടിസ്ഥാനമാക്കിയാണ്. ആഹാരം, പാനീയങ്ങൾ, വസ്ത്രം, പാർപ്പിടം, ഇന്ധനവും വെളിച്ചവും, വിദ്യാഭ്യാസം, യാത്രാ ചെലവ്, വൈദ്യസഹായം, വിനോദം തുടങ്ങിയവയുടെ പ്രതിശീർഷ പ്രതിമാസ ചെലവിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ പ്രതിശീർഷപ്രതിമാസ വരുമാനം കണക്കാക്കിയശേഷം സംസ്ഥാനത്തിന്റെ ദാരിദ്ര്യരേഖയായി നിശ്ചയിച്ചിരുന്ന പ്രതിശീർഷമാസവരുമാനമായ 327.48 രൂപയിൽ താഴെയുള്ള കുടുംബങ്ങളെയാണ് ദാരിദ്ര്യരേഖാ ലിസ്റ്റിൽ (ബി.പി.എൽ. ലിസ്റ്റിൽ) ഉൾപ്പെടുത്തിയിട്ടുള്ളത്. പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ്സ് കുടുംബത്തിന്റെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന പതിമൂന്നു സൂചകങ്ങളിലായി ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാന ത്തിൽ നിർണ്ണയിക്കുന്നതിനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

[5-8-2005-ന് നിയമസഭ ചേരേണ്ടതില്ലെന്ന് തീരുമാനിച്ചതിനാൽ (കാര്യോപദേശക സമിതിയുടെ 27-ാമത് റിപ്പോർട്ട്) അന്നേക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്ന നിലയിൽ ചേർത്തിരിക്കുന്നു.]

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തീവ്രവാദ സംഘടനകൾ

134 [438] *ശ്രീ. മത്തായി ചാക്കോ:*
,, *കോടിയേരി ബാലകൃഷ്ണൻ:*
,, *മഞ്ഞളാംകുഴി അലി:*
,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യാന്തര തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളവർ സംസ്ഥാനത്ത് എത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തീവ്രവാദ സംഘടനകളുമായി ഇവർക്കുള്ള ബന്ധത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുവാൻ വിമാന താവളങ്ങളിലും തീരപ്രദേശത്തും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) രാജ്യാന്തര ബന്ധമുള്ള തീവ്രവാദ സംഘടനയിൽപ്പെട്ട ആരെയെങ്കിലും കേരളത്തിലെ വിമാനത്താവളത്തിൽവച്ച് എമിഗ്രേഷൻ അധികൃതർ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) തീരപ്രദേശങ്ങളിൽ പ്രത്യേകം നിരീക്ഷണം നടത്തിവരുന്നുണ്ട്. എയർപോർട്ടുകളിൽ തീവ്രവാദി സംഘടനയിൽപ്പെട്ടവർ വരുന്നുണ്ടോ എന്നറിയാൻ കമ്പ്യൂട്ടറിൽ LOC (Look Out Circular) ചെക്ക് നടത്തിയും, പാസ്പോർട്ടും, മറ്റു യാത്രാ രേഖകളും, അൾട്രാവയലറ്റ് ലാമ്പ്, മാഗ്നിഫൈയിംഗ് ഗ്ലാസ് എന്നിവ ഉപയോഗിച്ച് സസൂക്ഷ്മം പരിശോധന നടത്താറുണ്ട്. സംസ്ഥാന പോലീസിനെ കൂടാതെ കേന്ദ്ര ഏജൻസികളും (ഐ.ബി., റോ) തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ട്.

(ഇ) അറസ്റ്റു ചെയ്തിട്ടില്ല.

കശാപ്പുശാലകൾക്ക് ലൈസൻസ് ഉറപ്പുവരുത്താൻ നടപടി

135 [439] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. ബി. വിജയകുമാർ:
,, *കെ. സുധാകരൻ:*
,, *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എല്ലാ നഗരസഭകളിലും, പട്ടണങ്ങളിലും പഞ്ചായത്തുകളിലും മൃഗങ്ങളെ കശാപ്പുചെയ്യുന്നതിനുള്ള കശാപ്പുശാലകളുണ്ടോ;

(ബി) കശാപ്പുശാലകളില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ കശാപ്പു ചെയ്യുന്നതിനുള്ള ലൈസൻസുള്ള പരിസരങ്ങളുണ്ടോ;

(സി) ഇവയൊന്നുമില്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ അതിർത്തിക്കുള്ളിൽ കശാപ്പുനടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly